**പതിമൂന്നാം കേരള നിയമസഭ**
**പന്ത്രണ്ടാം സമ്മേളനം**

നക്ഷത്ര ചിഹ്നമിടാത്ത
ചോദ്യം നമ്പർ.1245

04.12.2014-ന്
മറുപടി നൽകേണ്ടിയിരുന്നത്

**ആദിവാസി കുടുംബങ്ങൾക്ക് പട്ടയം**

| ചോദ്യം | മറുപടി |
|---|---|
| ശ്രീ.വി.ശശി | ശ്രീ.അടൂർ പ്രകാശ്<br>(റവന്യൂവും കയറും വകുപ്പ് മന്ത്രി) |
| (എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ ആകെ എത്ര പട്ടയങ്ങൾ നൽകി; ഇപ്രകാരം എത്ര ഏക്കർ ഭൂമി വിതരണം ചെയ്തു; ഇതിൽ എത്ര ഏക്കർ വനഭൂമിയ്ക്ക് പട്ടയം നൽകി; | (എ) ഇടുക്കി ജില്ലയിൽ 1986 മുതൽ 2014 നാളിതുവരെ 77494 എണ്ണം പട്ടയങ്ങൾ നൽകിയിട്ടുണ്ട്. ഇപ്രകാരം 61759.61 ഏക്കർ ഭൂമി വിതരണം ചെയ്തിട്ടുണ്ട്. ഇതിൽ 25903.69 ഏക്കർ കേന്ദ്രാനുമതി ലഭിച്ച വനഭൂമിയ്ക്ക് പട്ടയം നൽകി. |
| (ബി) ആകെ നൽകിയ പട്ടയങ്ങളിൽ എത്ര ഏക്കർ ഭൂമി പട്ടിക ജാതിക്കാർക്ക് നൽകിയെന്ന് വ്യക്തമാക്കുമോ; | (ബി) 1249.84 ഏക്കർ ഭൂമി പട്ടിക ജാതിക്കാർക്ക് നൽകിയിട്ടുണ്ട്. |
| (സി) ഇക്കാലത്ത് എത്ര ആദിവാസി കുടുംബങ്ങൾക്ക് പട്ടയം ലഭിച്ചു; ആകെ എത്ര ഏക്കറാണ് ഇത് എന്ന് വ്യക്തമാക്കുമോ; | (സി) 584 ആദിവാസി കുടുംബങ്ങൾക്ക് 679.55 ഏക്കർ ഭൂമിക്ക് പട്ടയം നൽകിയിട്ടുണ്ട്. |
| (ഡി) ആദിവാസികൾക്ക് ഏതെല്ലാം പഞ്ചായത്തിൽ ഏതെല്ലാം ഊരിലാണ് ഭൂമി നൽകിയത്? | (ഡി) ഉപ്പുതറ പഞ്ചായത്തിൽ കണ്ണമ്പടി, ബൈസൺവാലി പഞ്ചായത്ത്, മലങ്കര മിച്ചഭൂമി കേസിൽ സർക്കാർ ഏറ്റെടുത്ത ആലക്കോട് വില്ലേജ്, കൂടാതെ ഉടുമ്പൻചോല താലൂക്കിൽ ചിന്നക്കനാൽ, പൂപ്പാറ, പാമ്പാടുംപാറ വില്ലേജുകൾ എന്നിവിടങ്ങളിലായി ആദിവാസി ഭൂമി വിതരണ പദ്ധതിയിൽ ഉൾപ്പെടുത്തി 33 ഊരുകളിൽ ആദിവാസികൾക്ക് ഭൂമി വിതരണം നടത്തിയിട്ടുണ്ട്. പഞ്ചായത്തടിസ്ഥാനത്തിൽ കണക്ക് ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല. |

സെക്ഷൻ ഓഫീസർ